**പതിനാലാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5973** 04/07/2019 ലെ മറുപടി

**പരീക്ഷ എഴുതുന്ന കുട്ടികൾക്കുള്ള സൗകര്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൗകര്യങ്ങൾ ഒരുക്കണമെന്ന് ബാലാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ സൗകര്യങ്ങളാണ് കമ്മീഷൻ നിർദ്ദേശിച്ചത്; | (എ) ടൈപ്പ് വൺ പ്രമേഹം ബാധിച്ച വിദ്യാർത്ഥികൾക്ക വേണ്ടി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാ) നം.799/2019/പൊവിവ, തീയതി 28.02.2019 മേൽ ഭേദഗതി ആവശ്യപ്പെട്ട കൊണ്ട്, ടൈപ്പ് വൺ ഡയബറ്റിക് വെൽഫെയർ സൊസൈറ്റി വൈസ് പ്രസിഡന്റ് ശ്രീ.ശിഹാബുദ്ദീൻ സമർപ്പിച്ച അപേക്ഷയിന്മേൽ ബഹു. ബാലാവകാശ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട പ്രകാരം ഹയർ സെക്കണ്ടറി ഡയറക്ടർ കമ്മീഷനിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൗകര്യങ്ങൾ ഒരുക്കണമെന്ന് ബാലാവകാശ കമ്മീഷനിൽ നിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കടക്കൽ സ്കൂളിൽ ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥി ശുചിമുറിയിൽ പോകണമെന്ന് ആവശ്യപ്പെട്ടിട്ടും അതിന് അനുമതി നൽകാതെ കുട്ടിക്ക് മാനസികമായ ബുദ്ധിമുട്ട് ഉണ്ടാക്കിയ പ്രശ്നത്തിൽ അന്വേഷണം നടത്തിയോ; | (ബി) പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) നേരിട്ട് സ്കൂളിൽ പോയി അന്വേഷണം നടത്തുകയും, പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പരീക്ഷാവേളകളിൽ കുട്ടികൾക്ക് പ്രാഥമിക കൃത്യം നിർവ്വഹിക്കണമെന്ന് |

| | |
|---|---|
| | ആവശ്യപ്പെട്ടാൽ മാനുഷിക പരിഗണന നൽകി അനുവാദം നൽകുന്നതിന് എല്ലാ പ്രഥമാധ്യാപകർക്കും നിർദ്ദേശം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരീക്ഷാഭവൻ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ബാലാവകാശ കമ്മീഷന്റെ ശിപാർശകൾ കർശനമായി നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ